# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 1942 | 15.07.2016 ലെ മറുപടിയ്ക്ക്

**സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ.മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന എത്ര ജലസേചന പദ്ധതികളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന നാല് ജലസേചന പദ്ധതികളുണ്ട്.<br>1. ബാണാസുരസാഗർ പദ്ധതി<br>2. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി<br>3. ഇടമലയാർ ഇറിഗേഷൻ പദ്ധതി<br>4. കാരാപ്പുഴ ജലസേചന പദ്ധതി |
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നിർമ്മാണം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർഫണ്ടും കേന്ദ്ര ഗവൺമെന്റിന്റെ എ.ഐ.ബി.പി ഫണ്ടും ഉപയോഗിച്ചാണ് നിർമ്മാണപ്രവർത്തികൾ നടത്തിവരുന്നത്. |
| (സി) | പ്രസ്തുത പദ്ധതികളെല്ലാം പൂർത്തിയായാൽ എത്ര ലക്ഷം ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; | (സി) | പ്രസ്തുത പദ്ധതികളെല്ലാം ജലസേചനത്തിനുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ളതാണ്. |
| (ഡി) | സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (ഡി) | അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത പദ്ധതികൾ നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാത്തതു മൂലം ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ മാത്രമേ തുക സംബന്ധിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കാരാപ്പുഴ -ബാണാസുര** സാഗർ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനാവശ്യമായ ഉപായം രൂപവൽക്കരിക്കുന്നതിനും സാങ്കേതിക പരിശോധനയ്ക്കുമായി GO(Rt)No.835/2011/WRD dt. 19.08.2011 പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി പ്രവർത്തികൾ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. എല്ലാവർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തികൾ നടത്തിവരുന്നു.

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

ടി പദ്ധതിയുടെ ഭാഗമായുള്ള ഡാമിന്റേയും മെയിൻ കനാലുകളുടേയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബ്രാഞ്ച് കനാലുകളുടെ 95% ഉം ഡിസ്ട്രിബ്യൂട്ടറികളുടെ 90%ഉം പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ടിന്റെ അഭാവം മൂലവും സ്ഥലം അക്വയർ ചെയ്ത് കിട്ടാൻ താമസം വന്നതു മൂലവുമാണ് ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത്. ആവശ്യമായ ഫണ്ട് ലഭ്യമാക്കി 2018 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്**

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലുകളുടെ നിർമ്മാണം പൂർത്തിയായി. ഇനിയും പൂർത്തീകരിക്കാനുള്ള കനാലുകളുടെ പണികൾ പുരോഗതിയിലാണ്. ഓരോ വർഷവും ടി പദ്ധതിയ്ക്ക് വകയിരുത്തുന്ന ബഡ്ജറ്റ് വിഹിതമനുസരിച്ച് ഇതുവരെ സാങ്കേതികാനുമതി നൽകിയിട്ടുള്ള എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്ത് അറേഞ്ച് ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ എത്രയും വേഗം പൂർത്തിയായാൽ മാത്രമേ ലിങ്ക് കനാലിന്റെ ചെയിനേജ് 3000 മീറ്റർ മുതലുള്ള പ്രവൃത്തികൾ അറേഞ്ച് ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള നടപടികൾ എടുത്തു വരുന്നു.

**സെക്ഷൻ ഓഫീസർ**